# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.17/2024/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.17/2024/2023 തീയ്യതി: 06/10/2023

## മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2023 മുതൽ 08-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2023 | 19-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2023 | 19-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ റഷീദ്. എം. പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സിയാദ്. പി. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഇദ്രീസ് അബ്ദുള്ള. എ. സി, ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നൗഷാദ്. എൻ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സീന. പി. ആർ. | സെക്രട്ടറി | 01-04-2022 | 29-09-2022 |
| ശ്രീ. ബീരാൻ കുട്ടി. എ. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-09-2022 | 05-10-2022 |
| ശ്രീ. സുധീർ. എ. | സെക്രട്ടറി | 06-10-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബീരാൻ കുട്ടി. എ. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീ. ശ്രീനിവാസൻ. എം. | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ഡോ. അജയ് മുകുന്ദ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ഫാത്തിമത്തു താഹിറ. ഒ. കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. സൂര്യനാരായണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജിത്ത്. കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. സുനിൽ കുമാർ. കെ. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജിൻസി. ഐ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 30-09-2022 |
| ശ്രീ. ശ്രീനാരായണൻ. എം (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനിയർ | 01-10-2022 | 17-10-2022 |
| ശ്രീമതി. ബിന്ദുമോൾ. കെ. കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 18-10-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ. കെ. | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി. ശരണ്യ. പി. (അധിക ചുമതല) | കൃഷി ഓഫീസർ | 01-08-2022 | 07-08-2022 |
| ശ്രീമതി. രേഷ്മ. എൻ. | കൃഷി ഓഫീസർ | 08-08-2022 | 31-03-2023 |
| ശ്രീമതി. ലിത. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 21-12-2022 |
| -ഒഴിവ്- | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-12-2022 | 12-01-2023 |
| ശ്രീമതി. മഞ്ജു. എം. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ഷാഹുൽ ഹമീദ്. പി. (അധിക ചുമതല) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - പച്ചാട്ടിരി സർക്കിൾ | 01-04-2022 | 30-06-2022 |
| ശ്രീമതി. ആശ ശശി. ബി. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - പച്ചാട്ടിരി സർക്കിൾ | 01-07-2022 | 31-03-2023 |
| ശ്രീ. ഷാഹുൽ ഹമീദ്. പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - വെട്ടം സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്യാമധരൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ. ഇബ്രാഹിംകുട്ടി.ടി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 02-02-2023 |
| ശ്രീമതി ചിഞ്ചുമോൾ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-02-2023 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാ**ർ**ഷിക ധനകാര്യപത്രികയിലെ തുകക**ൾ** പൂ**ർ**ണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല | 1-1-2 |
| 4 | ആസ്തി ശീ**ർ**ഷകത്തിലെ ത**ൻ**വ**ർ**ഷ മുന്നിരിപ്പ് മു**ൻ**വ**ർ**ഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാധ്യത ശീ**ർ**ഷകത്തിലെ ത**ൻ**വ**ർ**ഷ മുന്നിരിപ്പ് മു**ൻ**വ**ർ**ഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എ**ൻ**ട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രികയിലെ തുകക**ൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ ക**ൺ**ട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റ**ർ** കാലികമാക്കിയില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതക**ൾ** | 1-4-1 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-11 |
| 21 | വിഭജിച്ച് നമ്പ**ർ** ന**ൽ**കിയ കെട്ടിടങ്ങ**ൾ**ക്ക് വസ്തുനികുതി കുറവായി ഈടാക്കി | 1-12 |
| 22 | വേക്ക**ൻ**സി റെമിഷ**ൻ** അനുവദിക്ക**ൽ** - രേഖക**ൾ** ലഭ്യമല്ല | 1-13 |
| 23 | ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല | 1-14 |
| 24 | സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -അപാകത. | 1-15 |
| 25 | സബ് സെന്ററുകളിലേക്ക് ലാപ്ടോപ് - സ്റ്റോക്കിൽ എടുത്തിട്ടില്ല | 1-16 |
| 26 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല | 1-17 |

| | | |
|---|---|---|
| 27 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്:പദ്ധതി അപാകതകൾ | 1-18 |
| 28 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ:അവലോകനം | 1-19 |
| 29 | പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ GST ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-20 |
| 30 | സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി വിവരം ലഭ്യമാക്കണം | 1-21 |
| 31 | കെ എസ് ഇ ബി:വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-22 |
| 32 | തെരുവ് വിളക്ക് പരിപാലനം:അപാകതകൾ | 1-23 |
| 33 | അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-24 |
| 34 | മഴക്കാല പൂർവ ശുചീകരണം:വിനിയോഗ വിവരം ലഭ്യമല്ല | 1-25 |
| 35 | ദുരിതാശ്വാസ നിധി:വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 36 | റോഡുകളിൽ ഹാൻഡ് റെയിൽ സ്ഥാപിച്ചത്- അധിക നിരക്ക് അനുവദിച്ചത്. | 1-27 |
| 37 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-28 |
| 38 | കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06-07-2023ലെ തീയതിയിലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെട്ടം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം: മലപ്പുറം
തീയതി: 06-10-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ 310100101, 310900101, 320200399, 350300101, 450210101 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-3 ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

താഴെപ്പറയുന്ന ആസ്തി ശീർഷകത്തിലെ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ലെഡ്ജർ മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 450210101 - SBI EPAYMENT - | 48,42,852 | 48,42,857 | 5 |

(67381962909)

## 1-1-4 ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ബാധ്യത ശീർഷകത്തിലെ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ലെഡ്ജർ മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 350300112 - Government And Other Dues Payable -Value Of Court Fee Stamp | 0 | 5 | 5 |

കുറിപ്പ് :- സാംഖ്യ മുഖേന തയ്യാറാക്കിയ മുൻവർഷ ബാലൻസ് ഷീറ്റിൽ ഇത്തരം ഒരു ശീർഷകം ഇല്ലായിരുന്നു.

## 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-6 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹1,76,95,960), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹1,57,17,676) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-7 തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1/ VP/9/1/144/2022/25.03.2022 | 2(1)/08.03.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 2,63,74,926.42 |
| വരവ് | 12,21,92,464.00 |
| ആകെ | 14,85,67,390.42 |
| ചെലവ് | 10,64,74,788.00 |
| നീക്കിയിരിപ്പ് | 4,20,92,602.42 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 4,61,33,472 | 4,61,33,472 | 3,73,24,478 | 88,08,994 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 30,51,212 | 30,51,212 | 28,80,475 | 1,70,737 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 43,39,000 | 43,39,000 | 34,65,581 | 8,73,419 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 88,00,000 | 88,00,000 | 64,22,810 | 23,77,190 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,37,45,591 | 1,37,45,591 | 69,60,568 | 67,85,023 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 73,79,697 | 73,79,697 | 63,49,457 | 10,30,240 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

2022-23 വർഷത്തിൽ വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6) |
| 1 | വികസന ഫണ്ട് - ജനറൽ | 3,92,46,506 | 3,73,24,478 | 3,88,78,868 |
| 2 | വികസന ഫണ്ട് - എസ്.സി.പി | 34,94,263 | 28,80,475 | 34,94,263 |
| 3 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 62,48,701 | 64,22,810 | 60,05,008 |

വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/18.08.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 20,30,29185 | 130 | 9,68,36,329 | 30 | 48 | 62.50% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 43,806 | 10,15,411 | 10,59,217 | 5,38,961 | 5,20,256 |
| ഗുണഭോക്തക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,63,07,795 | 3,63,07,795 | 3,63,07,795 | 0 |
| ആകെ | 43,806 | 3,73,23,206 | 3,73,67,012 | 3,68,46,756 | 5,20,256 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 23,09,800 | 202 |
| വിധവാപെൻഷൻ | 1,71,41,200 | 1543 |
| വാർദ്ധക്യകാലപെൻഷൻ | 2,54,94,600 | 2385 |
| വികലാംഗപെൻഷൻ | 58,19,600 | 525 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 7,80,000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,11,200 | 54 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2023 ന് 11.34AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7734 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.
2. നിക്ഷേപ പ്രവൃത്തികളിൽ മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ല.
3.സ്കൂളുകളിൽ ഉൾപ്പെടെ അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ സംബന്ധിച്ച വിശദമായ പരാമർശങ്ങൾ തുടർ ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 | 07/22 മുതൽ 10/22 വരെ | 22.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2015 | 2009-10 മുതൽ 2013-14 വരെ | 26.06.2015 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 24 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റ് സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഇത്തരം നടപടികൾ സമയക്രമം പാലിച്ച് ഭരണസമിതി കൈക്കൊണ്ടിട്ടില്ലെങ്കിലും, വസ്തു നികുതി, ലൈസൻസ് ഫീ എന്നിവ 100% പിരിച്ചെടുക്കുന്നതിനായി ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 20.09.2022 തീയ്യതിയിലെ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം യഥാക്രമം VP/22/11/385/2022, VP/22/12/386/2022). ഈ പ്രവർത്തനങ്ങളുടെ ഫലമായി 2022-23 വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി, ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ 100% പിരിച്ചെടുക്കാനായിട്ടുണ്ട്.

സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

വസ്തുനികുതി

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വെട്ടം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 26.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 3(1) നമ്പർ തീരുമാന പ്രകാരം താത്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. മൊബൈൽ ടവറുകൾ, ടെലികമ്യൂണിക്കേഷൻ പോളുകൾ, അസംബ്ലി കെട്ടിടങ്ങൾ എന്നിവയൊഴികെ മറ്റെല്ലാ വിനിയോഗ ഗണങ്ങൾക്കും അതാത് ഗണങ്ങൾക്ക് ബാധകമായ ഏറ്റവും കുറഞ്ഞ വസ്തുനികുതി നിരക്കുകളാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഭരണ സമിതി തീരുമാനം S3-2767/23 തിയ്യതി 10.05.2023 നമ്പർ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ച് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി രണ്ടു പത്രത്തിൽ കൂടി അറിയിപ്പ് നൽകേണ്ടതാണ്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ ഈ മാറ്റം വരുത്തുന്നതാണ്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. ഇത് കാരണം, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 516 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കുന്നതിനായി 2(1)/25.05.2023 ഭരണസമിതി തീരുമാനം പ്രകാരം പത്രപരസ്യം നൽകിയെങ്കിലും മതിയായ അപേക്ഷകളുടെ അഭാവത്തിൽ 31.07.2023 ഭരണസമിതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും 3(1) നമ്പർ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. നാളിതുവരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

വലിയ കെട്ടിടങ്ങളെ ചെറിയ കെട്ടിടങ്ങളായി വിഭജിച്ച് കെട്ടിട നമ്പർ നൽകുന്ന സാഹചര്യങ്ങളിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുന്നത് വഴി ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടാകുന്നുണ്ട്. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഒരു ഉദാഹരണം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ആയി നൽകിയിട്ടുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

വെട്ടം ഗ്രാമപഞ്ചായത്ത് പരിധിയിൽ ശുചിത്വ പരിപാലനത്തിനായി 4% സേവന ഉപനികുതി ചുമത്തിവരുന്നുണ്ട്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 /തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

മറ്റു വരവുകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പറവണ്ണ ബീച്ചിൽ ഫിഷ് ലാന്റിംഗ് സെന്ററിന് സമീപമുള്ള 5 കടമുറികളിൽ നിലവിൽ ഒരെണ്ണം മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. മറ്റുള്ളവ കേടുപാടുകൾ കാരണം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഈ കടമുറികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ പ്രോജക്ട് തയ്യാറാക്കുകയും 2023-24 വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി നടപടികൾ തുടരുകയും ചെയ്യുന്നുണ്ട്. മേൽ കടമുറികൾ പ്രവർത്തനക്ഷമമാക്കി വാടകയ്ക്ക് നൽകുന്നത് തനത് വരുമാനം വർധിപ്പിക്കാൻ ഉതകുന്നതാണ്.

## 1-12 വിഭജിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി ഈടാക്കി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം വെട്ടം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100 ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ/ ച.മീ.
100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ

ചെറിയ തറ വിസ്തീർണ്ണത്തിൽ (100 ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങളിൽ ചിലതിന് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് ഉള്ളതിനാലാണ് ഇത്തരത്തിൽ, ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതും ചെറിയ മുറികളായി തിരിച്ചതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി, കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം പ്രസ്തുത ചട്ടം ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. പുതിയ കെട്ടിടങ്ങളെ സംബന്ധിച്ച് ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി നികുതി നഷ്ടം സംഭവിക്കുന്നു. താഴെ കൊടുത്ത കെട്ടിടങ്ങൾക്ക് കുറഞ്ഞ

നിരക്കിലാണ് (30/-) നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്ര. നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (M2) | ആകെ വിസ്തീർണ്ണം (M2) | ഉടമയുടെ പേര് |
|---|---|---|---|---|
| 1 | 4/89/A | 19.73 | 191.93 | നാരായണൻ (പടാട്ടിൽ, പച്ചാട്ടിരി, പച്ചാട്ടിരി പി ഒ, 676105) |
| 2 | 4/89/B | 19.73 | | |
| 3 | 4/89/C | 19.73 | | |
| 4 | 4/89/D | 19.73 | | |
| 5 | 4/89/E | 14.36 | | |
| 6 | 4/89/F | 19.73 | | |
| 7 | 4/89/G | 19.73 | | |
| 8 | 4/89/H | 19.73 | | |
| 9 | 4/89/J | 19.73 | | |
| 10 | 4/89/K | 19.73 | | |
| 11 | 4/284/A | 15.36 | 228.65 | സിദ്ധാർത്ഥൻ (പടാട്ടിൽ, പച്ചാട്ടിരി, പച്ചാട്ടിരി പി ഒ, 676105) |
| 12 | 4/284/B | 15.36 | | |
| 13 | 4/284/C | 15.36 | | |
| 14 | 4/284/D | 19.82 | | |
| 15 | 4/284/E | 15.36 | | |
| 16 | 4/284/F | 15.36 | | |
| 17 | 4/284/G | 22.09 | | |
| 18 | 4/284/H | 22.09 | | |
| 19 | 4/284/J | 22.09 | | |
| 20 | 4/284/K | 21.58 | | |
| 21 | 4/284/L | 22.09 | | |
| 22 | 4/284/M | 22.09 | | |
| 23 | 5/49/A | 27.94 | 281.05 | മൻസൂർ അലി (വള്ളിയെങ്ങൽ, കോട്ടേക്കാട്, പച്ചാട്ടിരി പി ഒ, 676105) |
| 24 | 5/49/B | 27.94 | | |
| 25 | 5/49/C | 16.18 | | |
| 26 | 5/49/D | 16.18 | | |
| 27 | 5/49/E | 15.76 | | |
| 28 | 5/49/F | 10.5 | | |
| 29 | 5/49/G | 9.06 | | |
| 30 | 5/49/H | 67.94 | | |
| 31 | 5/49/J | 89.55 | | |

| | | | | |
|---|---|---|---|---|
| 32 | 5/139/B | 77.5 | 145.7 | സിന്ധു (ചാളക്കപ്പറമ്പിൽ, കൊട്ടേക്കാട്, പച്ചാട്ടിരി പി ഒ, 676105, 9995255524 (മൊബൈൽ) |
| 33 | 5/139/C | 68.2 | | |

ആകെ തറവിസ്തീർണ്ണം 100 ച. മീറ്ററിൽ കൂടുതൽ ആയതും, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി. ചട്ടം 4(1), 5(2) എന്നിവയ്ക്കനുസൃതമായി 50/- രൂപ അടിസ്ഥാന നികുതി പരിഗണിക്കാതെ 30/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം വർഷം തോറും സംഭവിക്കുന്നു. ചട്ട പ്രകാരവും സർക്കാർ ഉത്തരവു പ്രകാരവും മേൽ കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നിർണ്ണയിക്കാതിരുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/17.08.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-13 വേക്കൻസി റെമിഷൻ അനുവദിക്കൽ - രേഖകൾ ലഭ്യമല്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരം, ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിന് ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിലേയ്ക്കായി കെട്ടിട ഉടമയോ അയാളുടെ ഏജന്റോ സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടില്ലായെങ്കിൽ ഇപ്രകാരമുള്ള നികുതി ഇളവ് ചെയ്തു കൊടുക്കുവാൻ പാടില്ലാത്തതാണെന്ന് ചട്ടം 21(2)ൽ വ്യക്തമാക്കിയിട്ടുണ്ട്.

സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 2022-23 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുള്ളതാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉപയോഗക്രമം | ഉടമയുടെ പേര് | വേക്കൻസി റെമിഷൻ കാലയളവ് | | വേക്കൻസി റെമിഷൻ ദിനങ്ങളുടെ എണ്ണം | വേക്കൻസി റെമിഷൻ തുക (₹) | അപാകത |
|---|---|---|---|---|---|---|---|---|
| | | | | മുതൽ | വരെ | | | |
| 1 | 1/97/C | വാണിജ്യാവശ്യം | മജീദ്, കുഞ്ഞാലകത്ത് | 12.04.2022 | 30.09.2022 | 172 | 123 | അപേക്ഷ, അന്വേഷണ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല |
| 2 | 14/267/B | വാണിജ്യാവശ്യം | വാസുദേവൻ. പി. പി, പടിഞ്ഞാറെ പുരയ്ക്കൽ | 01.04.2022 | 30.09.2022 | 183 | 141 | വേക്കൻസി റെമിഷൻ അനുവദിച്ച് കിട്ടുന്നതിനായി കെട്ടിട ഉടമയോ ഏജന്റോ നൽകിയ നോട്ടീസ്/അപേക്ഷ ലഭ്യമല്ല |
| 3 | 13/251 | വാണിജ്യാവശ്യം | മുഹമ്മദ് റാഫി, അറക്കൽ തൊട്ടുവിൽ | 01.04.2022 | 30.09.2022 | 183 | 153 | അപേക്ഷ, അന്വേഷണ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല |

മേൽ പ്രകാരം വേക്കൻസി റെമിഷൻ അനുവദിച്ച വിവരം വേക്കൻസി റെമിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുകയോ ചെയ്തിട്ടില്ല. വേക്കൻസി റെമിഷൻ അനുവദിക്കുന്നതിനായി കെട്ടിട ഉടമയോ ഏജന്റോ സമർപ്പിച്ച അപേക്ഷ, അന്വേഷണ റിപ്പോർട്ട്, അംഗീകാരം നൽകിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എന്നീ രേഖകൾ ഹാജരാക്കാനായി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.18/18.08.2023 നൽകിയെങ്കിലും മേൽ അപാകത നീക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചട്ടപ്രകാരമുള്ള നടപടികൾ പാലിക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പ്രോജക്ട്നം-18/2022-23 (അംഗണവാടി അനുപൂരകപോഷകാഹാരം) ൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഫണ്ടിനം | അടങ്കൽ | ചെലവ് | BRN/വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 1000000 | 627654 | 22150552037100826609/25.11.2022 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4453200 | 815652 | 22200465/20.09.2022 |
| | | 191031 | 22200620/29.10.2022 |
| | | 561472 | 22200618/29.10.2022 |
| | | 184593 | 22200619/29.10.2022 |
| | | 163500 | 22200621/29.10.2022 |
| | | 26900 | 22200693/15.11.2022 |
| | | 43661 | 22200699/15.11.2022 |
| | | 164650 | 22200864/22.12.2022 |
| | | 773433 | 22201299/31.03.2023 |
| | | 595002 | 22201296/31.03.2023 |
| | 4453200 | 3519894 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3073750 | 910321 | 22200208/01.07.2022 |
| | | 843314 | 22200356/08.08.2022 |
| | | 193881 | 22200463/16,09.2022 |
| | | 182415 | 22200617/29.10.2022 |
| | | 172679 | 22200834/15.12.2022 |
| | | 31373 | 22200833/15.12.2022 |
| | | 212353 | 22201295/31.03.2023 |
| | | 356162 | 22201297/31.03.2023 |
| | 3073750 | 2902498 | |

പദ്ധതി നടത്തിപ്പിലെ അപാകത താഴെ ചേർക്കുന്നു.

ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

ജി.എസ്.ടി. നിമയം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13-09-2018ലെ വിജ്ഞാപന നം.50/2018 പ്രകാരം 01-10-2018 പ്രാബല്യത്തിൽ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് നൽകുന്ന തുക 250000/-രൂപക്ക് മുകളിൽ ആണെങ്കിൽ, നികുതി കഴിച്ചുള്ള ആകെ തുകയുടെ 2% ടി.ഡി.എസ്. ഈടാക്കേണ്ടതാണ്.

(1) മേൽ പ്രൊജക്ട് വഴി 2866260/- രൂപ ന്യൂട്രിമിക്സ് പർച്ചേസ് ചെയ്യുന്നതിന് താഴെ പറയും പ്രകാരം ചൈതന്യം അമൃതം ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ ബിൽ തുക നൽകിയപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക | ടാക്സ് ഒഴികെയുള്ള തുക |
|---|---|---|---|
| 1 | 125/07.01.2022 | 217560 | 207200 |
| 2 | 126/07.01.2022 | 61250 | 58334 |
| 3 | 79/12.10.2022 | 245857 | 234150 |
| 4 | 149/31.03.2022 | 49061 | 46725 |
| 5 | 81/12.10.2021 | 96232 | 91650 |
| 6 | 110/09.12.2021 | 235273 | 224070 |
| 7 | 159/09.12.2021 | 61750 | 58810 |
| 8 | 07/19.05.2022 | 139870 | 133210 |
| 9 | 16/23.06.2022 | 186543 | 177660 |

| | | | |
|---|---|---|---|
| 10 | 139/25.02.2022 | 238654 | 227290 |
| 11 | 134/08.02.2022 | 265945 | 253281 |
| 12 | 23/01.08.2022 | 149682 | 142555 |
| 13 | 32/12.10.2022 | 183345 | 174615 |
| 14 | 56/29.08.2022 | 189740 | 180705 |
| 15 | 38/07.11.2022 | 171512 | 163345 |
| 16 | 43/02.12.2022 | 163537 | 155750 |
| 17 | 69/03.02.2023 | 183529 | 174790 |
| 18 | 73/02.03.2023 | 170226 | 162120 |
| ആകെ | | 3009566 | 2866260 |
| ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് | | 57325/- | |
| ഈടാക്കിയ ജി.എസ്.ടി - ടി.ഡി.എസ് | | 6738 | |
| ബാലൻസ് | | 50587 | |

(2) മമത ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റിന് 333592/- രൂപ ന്യൂട്രിമിക്സ് പർച്ചേസ് ചെയ്തതിന് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ ബിൽ തുക നൽകിയപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക | ടാക്സ് ഒഴികെയുള്ള തുക |
|---|---|---|---|
| 1 | 38/12.10.2021 | 123165 | 117300 |
| 2 | 66/05.01.2022 | 59250 | 56429 |
| 3 | 53/07.12.2021 | 72751 | 69113 |
| 4 | 49/08.11.2021 | 90750 | 90750 |
| ആകെ | | 345916 | 333592 |
| ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് | | 6672 | |
| ഈടാക്കിയ ജി.എസ്.ടി - ടി.ഡി.എസ് | | 0 | |
| ബാലൻസ് | | 6672 | |

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.07/2022-23 തിയ്യതി -16.08.2023)ക്ക് നിലവിൽ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നും കൃത്യമായി ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുന്നുണ്ട് എന്ന് മറുപടി നൽകി. മേൽ സ്ഥാപനങ്ങൾ ജി.എസ്.ടി അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -അപാകത.

A). പ്രോജക്ട് നം-03/2022-23 (വെട്ടം സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ )

അടങ്കൽ- 1200000/- രൂപ ( മെയിന്റെനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 1200000/- രൂപ ( മെയിന്റെനൻസ് ഫണ്ട് റോഡിതരം)

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 1200000/- രൂപ ചെലവഴിച്ച് സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി- 28.05.2022 സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക നം.7.6.4 (I) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്ന് ലഭിക്കാൻ താമസം നേരിട്ടാൽ മാത്രമേ സപ്ലൈകോ, കാരുണ്യ, മാവേലിസ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്ന് മരുന്ന് വാങ്ങാവൂ. എന്നാൽ മേൽ പദ്ധതി പ്രകാരം 500000/-രൂപയുടെ ഒഴികെ മുഴുവൻ മരുന്നുകളും ഇത്തരം ഔട്ട് ലറ്റുകൾ വഴിയാണ് വാങ്ങിയത്. വിശദ വിവരം താഴെ ചേർക്കുന്നു.

| BRN | തുക | മരുന്ന് വാങ്ങിയ ഔട്ട് ലറ്റ് |
|---|---|---|
| 22150552036701511406/28.03.2023 | 2394 | Supplyco |
| | 129970 | Karunnya |
| 22150552036701490399/25.03.2023 | 14353 | Supplyco |
| 22150552036701463194/24.03.2023 | 18627 | Supplyco |

| | | |
|---|---|---|
| 221505520367012811111/03.03.2023 | 4512 | Supplyco |
| 2215055203670122070 6/21.02.2023 | 27666 | Supplyco |
| | 208454 | Karunnya |
| 2215055203670091750 2/16.12.2022 | 39926 | Karunnya |
| 2215055203670089457 5/12.12.2022 | 500000 | KMSCL |
| 2215055203670086021 2/03.12.2022 | 41971 | Supplyco |
| 221505520367075271 9/09.11.2022 | 75923 | Supplyco |
| 221505520367062693 3/11.10.2022 | 73169 | Supplyco |
| | 32614 | Karunnya |
| 2215055203670062693 5/11.10.2022 | 30421 | Vaccine Point Manjeri |
| ആകെ | 1200000 | |

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.09/2022-23 തിയ്യതി -16.08.2023)ക്ക് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കാൻ താമസം നേരിടുന്നതിനാലാണ്, Karunnya, Supplyco ഔട്ട്ലെറ്റുകളിൽ നിന്ന് മരുന്ന് വാങ്ങിച്ചത് എന്നും, മുൻ വർഷങ്ങളിലെ പദ്ധതികൾ ഉൾപ്പെടെ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഇതുവരെ ആറു ലക്ഷത്തോളം രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ടെന്നും മറുപടി ലഭ്യമാക്കി.
അത്യാവശ്യമായ മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകാൻ താമസം നേരിടുന്ന സാഹചര്യത്തിൽ അത്തരം മരുന്നുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ആയത് അത്യാവശ്യ സാഹചര്യം പരിഗണിച്ച് മേൽ പറഞ്ഞ ഔട്ട്ലെറ്റുകളിൽ നിന്ന് വാങ്ങിയതാണെന്ന് എന്ന് മഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
കൂടാതെ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രൊഫോർമ ഇൻവോയിസ്-PRF2478/22.11.2022) പ്രകാരം നൽകിയിട്ടുള്ള 500000/-രൂപക്കുള്ള മരുന്നുകൾ ലഭിച്ച് സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. എൻക്വയറിക്ക് മറുപടിയായി 35050/- രൂപയുടെ മരുന്നുകൾ ലഭിച്ചതായി മറുപടി അറിയിച്ചിട്ടുണ്ട് എന്നാൽ ആയതിന്റെ ടാക്സ് ഇൻവോയിസ്, സ്റ്റോക്ക് എടുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അഞ്ച് ലക്ഷം രൂപയിൽ ലഭിക്കാൻ ബാക്കിയുള്ള 464950/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
B). പ്രോജക്ട് നമ്പർ.21/2022-23 (പരിരക്ഷ പദ്ധതി)

അടങ്കൽ-1138610 ( വികസന ഫണ്ട് ജനറൽ)

| ചെലവ് വിവരങ്ങൾ | | |
|---|---|---|
| തുക | പ്രൊഫോർമ ഇൻവോയിസ് നമ്പർ | ബിൽ നമ്പർ |
| 95086 | PRF2393/19.11.2022 | 2215055203670089458 7/12.12.2022 |
| 300000 | PRF4717/24.02.2023 | 2215055203670126509 7/28.02.2023 |
| 26752 | PRF3748/19.01.2023 | 2215055203670128111 4/03.03.2023 |

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മരുന്ന് വാങ്ങുന്നതിന് 421838/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയിരുന്നു, എന്നാൽ ഈ തുകക്കുള്ള മരുന്നുകൾ ലഭ്യമായയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ.15/2021-22 തിയ്യതി -17.08.20 23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-16 സബ് സെന്ററുകളിലേക്ക് ലാപ്ടോപ് - സ്റ്റോക്കിൽ എടുത്തിട്ടില്ല

പ്രോജക്ട് നം-111/2022-23 (5സബ് സെന്ററുകളിലേക്ക് ലാപ്ടോപ് വാങ്ങൽ )

അടങ്കൽ- 301000/- രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 243693/- രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

BRN- 221505520367008945 93/12.12.2022- 195605/-രൂപ

BRN- 221505520367012650 86/28.02.2023- 33928/-രൂപ

BRN- 221505520367014904 21/25.03.2023- 14160/-രൂപ

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം സി.എച്ച്.സിയുടെ കീഴിലുള്ള അഞ്ച് സബ് സെന്ററുകളിലേക്ക് ഓരോ ലാപ്ടോപ് വീതം (Proforma Invoice. 41701/12.10.2022 ) 195605/-രൂപ ചെലവഴിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്ക് ഡവലപ്പമെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഡെലിവറി ചലാൻ -ITP/5994/22-23 18.03.2023 പ്രകാരം ലാപ്ടോപുകൾ ലഭ്യമായതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ലാപ്പ്ടോപ്പുകൾക്ക് നമ്പർ നൽകി ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.12/2022-23 തിയ്യതി -16.08.2023)ക്ക്

മറുപടി ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപുകൾക്ക് നമ്പർ നൽകി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല

പ്രോജക്ട് നം-240/2022-23(കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റെനൻസ്-സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ)
അടങ്കൽ- 200000/- രൂപ ( വികസന ഫണ്ട് ജനറൽ)
ചെലവ്- 200000/- രൂപ ( വികസന ഫണ്ട് ജനറൽ)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം- 240/2022-23 പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് നടത്തുന്നതിന് (BRN-2215055203710080 9048/23.11.2022) 200000/- രൂപ കൈമാറിയിരുന്നു. ഒരു ഗുണഭോക്താവിന് 50000/- രൂപ നിരക്കിൽ 4 പേരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതി പ്രകാരം നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.05/2022-23 തിയ്യതി -14.08.2023)ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കത്ത് നൽകിയിട്ടുണ്ട് എന്നും സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ ചെലവ് തുക 200000/-രൂപ തടസ്സം ചെയ്യുന്നു.

## 1-18 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്:പദ്ധതി അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് |
| പ്രൊജക്ട് നം . | 62/23 |
| നിർവഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 500000 |
| ചെലവ് | 453570 |
| BRN നം./തിയതി | 22150552045201354219/15.3.23 |
| ഫണ്ട് | പ്ലാൻ (സാധാരണ വിഹിതം) |

2022-23 വർഷത്തിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി GeM പോർട്ടൽ മുഖേന ലാപ് ടോപ് ഒന്നിനു 34,890 രൂപ നല്കി നൽകി Extreme IT സൊല്യൂഷൻസ്,എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 4,53,570 ചെലവഴിച്ച് 13 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ഉണ്ട്.

1. സ. ഉ (കൈ നം. 115/2022 ത.സ്വ.ഭ.വ തി. 28.5.22 ലെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സം. മാർഗരേഖ ഖ. 7.3.1 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും ഗവേഷണ വിദ്യാർത്ഥികൾക്കും, സർവ്വകലാശാലകളിലോ, അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾകൾക്കുമാണ് ലാപ്പ് ടോപ്പ് നൽകാവുന്നത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലാപ് ടോപ് കൈപറ്റിയ താഴെ കാണുന്ന അപേക്ഷകരുടെ കോഴ്സുകൾ മേൽ വിഭാഗത്തിൽ ഉൾപ്പെടുന്നവയല്ല. മാത്രമല്ല മാർഗ രേഖയിൽ പ്രതിപാദിക്കാത്ത കോഴ്സിനു ഇത്തരത്തിൽ ആനുകൂല്യം നല്കാൻ ആധാരമാക്കിയ അനുമതി വിവരവും ഫയലിൽ ഇല്ല.

| ക്രമ നം. | പേര് | കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ മുഹമ്മദ് മഖ്ബൂൽ | ഐ.ടി.ഐ,ഇലക്ട്രീഷ്യൻ | ബാഫഖി യതീംഖാന പ്രൈവറ്റ് ഐ.ടി.ഐ , വളവന്നൂർ |
| 2 | ശ്രീ മുഹമ്മദ് സാലിഖ് സുൽത്താൻ | ഫയർ&സേഫ്റ്റി | Continuing Education Subcentre,TMC,തിരൂർ |
| 3 | ശ്രീമതി ഉമ്മു ഫർസാന | VIBES,(Virtual Interactive Business Experimental System | Sree Sankaracharya Computer Centre,തിരൂർ |

2. കോസ്റ്റ് സർട്ടിഫിക്കറ്റ് പ്രകാരം ജൂലൈ 2020 ന പഠനം പൂർത്തിയായ മേൽ പട്ടികയിലെ ക്രമ നം. 2 പ്രകാരമുള്ള ഗുണഭോക്താവിനാണ് 2022-23 വർഷത്തെ ആനുകൂല്യം നല്കപ്പെട്ടിട്ടുള്ളത്

3. മേൽ ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഇൻവോയ്സിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. സ്റ്റോക്ക് റജിസ്റ്ററിൽ ഇൻവോയ്സ് നം.,തിയതി, സപ്ലയറുടെ വിവരം, ഉപകരണത്തിന്റെ സീരിയൽ നം., വാറന്റി വിവരം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

5. പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 6/14.08.2023 ന ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.3 മുതൽ 5 വരെയുള്ള അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയതിനാൽ മേൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു.

എന്നാൽ ക്രമ നം. 1,2 പ്രകാരമുള്ള അപാകതകൾക്ക് നിർവഹണ ഉദ്യോഗസ്ഥ താഴെ കാണും പ്രകാരമാണ് വിശദീകരണം നല്കിയത്:

"2021-22 വാർഷിക പദ്ധതിയിൽ ഉൾപെടുത്തിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് പദ്ധതി ആ വർഷം നടപ്പിലാക്കാനാവാത്തതിനാൽ സ്പിൽ ഓവർ ആയി 2022-23 ൽ ഉൾപ്പെടുത്തുകയാണുണ്ടായത് . 2021-22 വർഷം തന്നെ ഗുണഭോക്തൃ ലിസ്റ്റിനു അംഗീകാരം ലഭിച്ചിരുന്നു.

സർവീസിൽ പ്രവേശിച്ചത് 03/02/2023 നം വെട്ടം പഞ്ചായത്തിന്റെ പദ്ധതി നിർവഹണ ചുമതല ഏറ്റെടുത്തത് 22/02/23 നമാണ്. മാർച്ച് മാസം സമയബന്ധിതമായി എത്രയും വേഗം തന്നെ സപ്ലൈ ഓർഡർ നൽകി പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന നിർദേശത്തെ തുടർന്ന് പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനായി ലിസ്റ്റിലുള്ള പ്രദേശത്തെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ യോഗ്യത പരിശോധന ദ്രുതഗതിയിൽ നടത്തിയതിൽ വീഴ്ച സംഭവിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്താമെന്ന് അറിയിക്കുന്നു"

ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയായതിനാൽ ഇത്തരത്തിലുള്ള മറുപടി ഓഡിറ്റിൽ അംഗീകരിക്കാനാവാത്തതാണ്. മാർഗ രേഖക്ക് വിരുദ്ധമായി നല്കിയ 3 ലാപ് ടോപ്പിന്റെ ചെലവ് തുക 1,04,670രൂപ (3X34,890) തടസത്തിൽ വെക്കുന്നു. ചുമതല ഏൽക്കുന്നതിനു മുമ്പ് തന്നെ ഗുണഭോക്തൃ ലിസ്റ്റിനു അംഗീകാരം ലഭിച്ചിരുന്നു എന്ന വിശദീകരണം നല്കപ്പെട്ട സാഹചര്യത്തിൽ, നിർവഹണ ഉദ്യോഗസ്ഥക്ക് പുറമെ ഭരണ സമിതിക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വം ഉണ്ടെന്നു ഓഡിറ്റ് അനുമാനിക്കുന്നു. സർക്കാറിൽ നിന്നും മേൽ ചെലവിനു സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ:അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് പലപ്പോഴും ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ചില ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയും, ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 2/9.8.2023] ക്ക് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിഗണിച്ചുമാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

| ക്രമ നം. | സാമ്പത്തിക വർഷം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് പേര് | നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 2021-22 | 218 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | KSEB | 23829 | Own Fund - 23829 | 23829 | 23829 | യു.സി ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 2021-22 | 237 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (വാർഡ് 9 വാർഡ് 17) | KSEB | 31303 | Own Fund - 31303 | 31303 | 31303 | യു.സി ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| | ആകെ | | | | | | | 55132 | |

മേൽ പ്രവൃത്തികളിലായി ആകെ 55132 രൂപ KSEB യിൽ അവശേഷിക്കുന്നുണ്ട്. ആയത് വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും വിനിയോഗിക്കാത്ത പക്ഷം തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ GST ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ ഏതാനും പ്രവൃത്തികളിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കാരണം പഞ്ചായത്തിന് GST ഇനത്തിൽ അധിച്ചെലവ് വരാനിടയായി.മരാമത്ത് പ്രവൃത്തികളുടെ GST 18.07.2022 മുതൽ നിലവിലുണ്ടായിരുന്ന 12% ൽ നിന്ന് 18% ആയി ഉയർത്തിയിട്ടുണ്ട്. 18.07.2022 ന് മുമ്പ് ബിൽ/ഇൻവോയ്സ് നൽകുന്ന പ്രവൃത്തികളിൽ 12% വും അതിന് ശേഷം നൽകുന്ന പ്രവൃത്തികൾക്ക് 18 % ആണ് GST അനുവദിക്കേണ്ടത്. കരാർ പ്രകാരം 18.07.2022 ന് മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന താഴെ പരാമർശിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തിയതിനാൽ 18.07.2022 ന് ശേഷമാണ് പൂർത്തീകരിച്ചത്. ഇക്കാരണത്താൽ 12% GST നൽകേണ്ടിയിരുന്ന പ്രവൃത്തികളുടെ GST 18% ആയി ഉയർന്നു. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

1.ഫിഷ്ലാന്റിംഗ് സെന്റർ നവീകരണം 28/2023 (70/22 )

പൂർത്തീകരണകാലയളവ്- 6 മാസം ( TS Slip പ്രകാരം )

TS - 28459/2021-22 Dt 13.09.2021

കരാറുകാരൻ- ശ്രീ പി.പി.മുഹമ്മദ് ഹനീഫ

കരാർ - 5/AEE/LSGD/VGP/2021-22 Dt.13.10.2021

സൈറ്റ് കൈമാറിയത്- 13.10.2021

M Book – 59/22-23

പ്രവൃത്തി ആരംഭിച്ച തിയ്യതി - 13.10.2021

പൂർത്തീകരിക്കേണ്ട തിയ്യതി - 12.04.2022

പൂർത്തീകരിച്ചത് - 6.03.2023

മൂല്യ നിർണ്ണയം - 280561 (നികുതികൾ ഉൾപ്പെടെ)

ചെലവ് - ₹ 280561 ( 22150552036401502199/ 27.03.2023 )

2. കോട്ടേക്കാട്ട് കുഞ്ചേരി റോഡ് റീടാറിംഗ് 28/2023 (37/22 )

പൂർത്തീകരണകാലയളവ്- 6 മാസം ( TS Slip പ്രകാരം )

TS - 17050/2021-22 Dt 1.08.2021

കരാറുകാരൻ- കോർടെക്ക് കൺസ്ട്രക്ഷൻ

കരാർ - 11/AEE/LSGD/VGP/2021-22 Dt.12.10.2021

സൈറ്റ് കൈമാറിയത്- 12.10.2021

M Book – 34/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 12.10.2021

പൂർത്തീകരിക്കേണ്ട തിയ്യതി - 11.04.2022

പൂർത്തീകരിച്ചത് - 10.01.2023

മൂല്യ നിർണ്ണയം - 93000(നികുതികൾ ഉൾപ്പെടെ)

ചെലവ് - ₹ 93000 ( 22150552036401219132/21.02.2023 )

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞ് നൽകിയ അന്വേഷണക്കുറിപ്പിന് (10/16-08-2023) മറുപടിയായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രതികൂലമായ സാഹചര്യങ്ങൾ നിലനിന്നതിനാലാണ് അപ്രകാരം സംഭവിച്ചത് എന്നാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി വിവരം ലഭ്യമാക്കണം

ഗ്രാമ പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. ചില സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്ത് രേഖകൾ പ്രകാരമുള്ള മുഴുവൻ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് കരസ്ഥമാക്കുന്നില്ല എന്നും കാണുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം. | സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ ) | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം (ച.മീ ) |
|---|---|---|---|
| 1. | കുറ്റിയിൽ AUPS പടിയം,വെട്ടം | 150 | 27.70x6.70 =185.59( GF 4 Room)<br>27.70x6.70 =185.59 ( FF 4 Room)<br>13.2x6.70=88.44 (GF 2 Room)<br>13.2x6.70=88.44 (FF 2 Room)<br>4.2x5.10= 21.42 (Store Room)<br>2.60x5.10= 13.26 (Store Room)<br>51.60x6.30=325.08 (8 Room-wooden Partition)<br>32.50x7.10=230.75 (5 Rooms)<br>6.95x6.75=46.91 (Stage/classroom)<br>TOTAL - 1185.48 |
| 2. | AMLPS School വാക്കാട് | 120 | 2x6x6=72 ( 2 Room)<br>12.85x4.98=61.68 (2 Room)<br>11.58x6.7=77.58 ( 3 Room)<br>22.70x4.98=113.04 (3 Room)<br>TOTAL- 324.30 |
| 3. | GMLPS പച്ചാട്ടിരി | 156.15 | 18.8x8=150.40(3 Room)<br>6.44x8= 51.52 (1 Room)<br>6.44x8=51.52 (1 Room)<br>6.22x6.44=40.05 (1 Room)<br>6.1x6.1=37.21(1 Room)<br>6.45x6.15=39.66 (1 Room GF)<br>6.45x6.15=39.66 (1 Room FF)<br>TOTAL_ 410.02 |
| 4. | AMUPS Vettom | 50 | 6x6x6= 216 ( GF 6 Room)<br>6x6x6= 216 ( FF 6 Room)<br>5x6x6= 180 ( SF 5 Room)<br>6.2x6.2= 38.44<br>6.2x6.2=38.44<br>13.7x6.2=84.94 (2 Room)<br>12.5x6.2=77.50 (2 Room)<br>9.5x6.2=58.90 (1 Room)<br>GI Sheet Roof-<br>6.2x6.2=38.44 (1 Room)<br>13.7x6.2=84.94 (2 Room)<br>21.9x6.2=135.78(3 Room)<br>18.5x6.15=113.77(3 Room)<br>TOTAL_ 1283.15 |

| | | | |
|---|---|---|---|
| 5. | TIMLP School Vettom | 100 | 6.10x6.10=37.21(1 Room)<br>12.40x6.1= 75.64 (2 Room)<br>14.9x6.1= 90.89(2 Room)<br>TOTAL_ 203.74 |
| 6. | Achuthan Nair Smaraka AUPS | 797 | 19.6x6.7=131.32 (3room)<br>23x5.7= 131.1(4 Room)<br>25.21x6.6= 166.38(4 Room)<br>12x6= 72(GF 2 Room)<br>12x6 =72(FF 2 Room)<br>19.7x6= 118.2(GF 3 Room)<br>19.7x6= 118.2(FF 3 Room)<br>19.7x6=118.2 (SF 3 Room)<br>6x6=36 (Stage/Class Room)<br>22.4x8.5= 190.4 (GF 3 Room)<br>19.7x6=118.2 (FF 3 Room)<br>TOTAL_ 1153.80 |
| 7. | GMUPS Paravanna | 427.28 | 6x6=36 (1 Room)<br>24.3x6=145.8 (4 Room)<br>6x6= 36 (1 Room)<br>9x6= 54 (2 Room)<br>52x6= 312 (8 Room)<br>18.2x6= 109.2 (3 Room)<br>30.5x6=183 (5 Room)<br>18.20x6= 109.2 (3 Room)<br>18.2x6= 109.2 (3 Room)<br>24x6=144 (1 Room)<br>6x5= 30 (1 Room)<br>TOTAL_ 1248.40 |
| 8. | GVHSS PARAVANNA | 1104.02 | 39.9x8.9= 355.11 (GF 6 Room)<br>28.75x8.1=232.87 (GF4 Room)<br>16.25x8.2= 133.25 (FF 2 Room)<br>9.25x8.2 =75.85 (GF 2 Room)<br>18.5x8.2= 151.7 (GF3 Room)<br>18.5x8.2= 151.7 (FF3 Room)<br>9.2x8.2= 75.44(FF1 Room)<br>6.25x6.1=38.125 (GF3 Room)<br>6.1x6.1= 37.211 Room<br>6.25x6.1 = 39.65(FF)<br>6.1x6.1 =37.21 1 Room)<br>6.5x18.8 = 122.2hall<br>9.1x6.25= 56.87<br>9.05x6.25=56.56<br>18.85x1.9=35.81<br>3x6= 18( GF 1 Room)<br>9.2x6=55.20( GF 4 Room)<br>9.2x6= 55.2 (FF 3 Room)<br>12.2x6=73.2 ( FF 1 Room)<br>TOTAL_ 1801.17 |
| 9. | SALAFI ENGLISH MEDIUM LPS Paravanna | 856.53 | 5x6.1x6.1=186.05 (GF 6 Room)<br>3x6.1x6.1=111.63 (GF 3 Room)<br>3x6.1x6.1= 111.63 (FF 3 Room)<br>5x6.1x6.1 = 342.21(FF 5 Room) |

| | | | |
|---|---|---|---|
| | | | TOTAL_ 751.52 |
| 10. | AHM High School Vettom& AHMLPS വെട്ടം | 1658.66 | 22.64x8.66= 196.06 (GF 3 Room)<br>22.64x8.66= 196.06 (GF 3 Room)<br>TOTAL_ 392.12 &<br>5x6.1x3.7 = 112.85 (GF – 5 Room )<br>2x6.1x3.6=43.92 (FF – 2 Room TOTAL – 156.77<br>Grand Total 548.89 |
| 11. | P Balakrishnan Master Memorial Special School Vettom | 50 | 25.18x9.65= 242.98<br>7.45x8.6=64.07<br>TOTAL_ 307.05 |
| 12. | AMLPS Pariyapuram | 187 | 17.68x4.42=78.14 (2 Room)<br>8.23x4.42=36.37 (2 Room)<br>8.69x3.81=33.10(1 Room)<br>9.14x5.49= 50.17(1 Room)<br>2x6x6=72 (Class Room)<br>TOTAL_ 269.78 |

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും കൂടുതൽ ആയിരിക്കാം ] ഗ്രാമപഞ്ചായത്തിലെ ഏതാനം സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(23/19-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 കെ എസ് ഇ ബി:വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകൾക്കായി തുക മുൻകൂറായി കെ എസ് ഇ ബി യിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.

| ക്രമ നമ്പർ | പ്രോജക്ട് പേര്/നം. | അടങ്കൽ തുക | ചെലവു തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | ഫണ്ടിനം | തുക കൈപറ്റിയത് |
|---|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 221/23 | 10,00000 | 10,00000 | 18/24.12.22 | സി.എഫ്.സി ബേസിക് | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, വെട്ടം |
| 2 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 161/23 | 6878240 | 5127799 | 1)16,58,847 20/30.12.22<br>2)23,51,386 20/23.1.23 | വികസന ഫണ്ട് (ജനറൽ) | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, വെട്ടം |
| | | | | 3)11,17,566 14/3.11.22 | വികസന ഫണ്ട് (ജനറൽ) | കെ എസ് ഇ ബി ഇലക്ട്രിക്കൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സെക്ഷൻ തിരൂർ വെസ്റ്റ് |
| 3 | ജില്ലാ പഞ്ചാ. റിസോഴ്സ് സെന്റർ വിഹിതം 90/23(എസ്.ഒ) | 78,000 | 78,000 | വൗച്ചർ നം. 22200908 തി.15.1.23 | തനതു ഫണ്ട് | ഡി.ഡി.പി. മലപ്പുറം. |
| | ആകെ | | 62,05,799 | | | |

വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 25/19.8.23 ന മറുപടി ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു തുക 62,05,799 രൂപ തടസത്തിൽ വെക്കുന്നു.

## 1-23 തെരുവ് വിളക്ക് പരിപാലനം:അപാകതകൾ

2022-23 ലെ വാർഷിക കണക്കുകൾ പ്രകാരം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 5,42,749 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിനു ലഭ്യമായ രേഖകൾ പ്രകാരം പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | എൽ.ഇ.ഡി | 776 |
| 2 | സി.എഫ്.എൽ | 37 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 4 |
| | ആകെ | 817 |
| 4 | ഹൈമാസ്റ്റ് ലൈറ്റ്സ് | 10 |
| 5 | ലോ/മിനി മാസ്റ്റ് | 17 |

ഭീമമായ തുക വൈദ്യുതി ചാർജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട് എങ്കിലും പ്രവർത്തന ക്ഷമമായ വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ് നല്കുന്നത് എന്നു എത്തരത്തിലാണ് ഉറപ്പു വരുത്തുന്നത് എന്നു വ്യക്തമല്ല. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങളും ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ ഇല്ല . 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് വൈദ്യുതി ചാർജ് അടവാക്കുന്നതും, തെരുവു വിളക്കുകൾക്ക് വാർഷിക പരിപാലന കരാർ പദ്ധതി നടപ്പിലാക്കി വരുന്നതും. നിലവിൽ ഉള്ള വാർഷിക പരിപാലന കരാർ പദ്ധതിയുടെ പ്രയോജനം ഉറപ്പു വരുത്താൻ വ്യവസ്ഥാപിതമായ രീതി നിലവിൽ ഇല്ല. വാർഡ് മെമ്പർമാർ അറിയിക്കുന്നതിനു അനുസരിച്ചു തകരാറുകൾ പരിഹരിക്കപ്പെടുകയാണ് ചെയ്യുന്നതെന്നു ബന്ധപ്പെട്ട സെക്ഷൻ വാക്കാൽ അറിയിച്ചെങ്കിലും, കരാർ കാലയളവിൽ തകരാറിലായ/തകരാർ പരിഹരിച്ച വിളക്കിന്റെ വിശദാംശം(വാർഡ്,പോസ്റ്റ്, തകരാർ റിപ്പോർട്ട് ചെയ്ത തിയതി,പരിഹരിച്ച തിയതി/പുരോഗതി/നിലവിലെ അവസ്ഥ തുടങ്ങിയവ കൃത്യമായി നിരീക്ഷിക്കാൻ സംവിധാനമില്ല. തെരുവു വിളക്ക് പരിപാലനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കണം എന്ന നിർദ്ദേശമുണ്ടെങ്കിലും നിലവിൽ സൂക്ഷിച്ചു വരുന്ന/ഓഡിറ്റിനു ഹാജരാക്കിയ പരാതി രജിസ്റ്ററിലും പരാതിയുടെ സമയം,തിയ്യതി,പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) പോലുള്ള പ്രസക്തമായ പല കോളങ്ങളും/ വിവരങ്ങളും ലഭ്യമല്ല. അപാകതക്ക് മറുപടി ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം. 22/19.8.23 ന മറുപടി ലഭ്യമായിട്ടില്ല.അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു

വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് (Schedule B18) പ്രകാരം താഴെ പറയും പ്രകാരം തുക Advance ഇനത്തിൽ ഓഡിറ്റ് തിയതിയിലും ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 1 | Festival Advance | 8000 | - |
| 2 | Other Advances | 105570 | വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല |
| 3 | Advance To Other Authorised Agencies | 36800 | പ്രേരക് ഹോണറേറിയം |
| 4 | Advance To Other Accredited | 13066 | ലൈബ്രറി സെസ് |

| | | | |
|---|---|---|---|
| | Agencies | | |
| 5 | Advance To Implementing Officers(MO,CHC) | 200000 | മഴക്കാല പൂർവ ശുചീകരണം |
| 6 | Mahatma Gandhi NREGA | 2246018 | |
| | | 26,09,454 | |

മേൽ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശം അറിയിക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 13/16.08.2023 ന മറുപടി ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന അഡ്വാൻസ് തുക ക്രമീകരിക്കാൻ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററിൽ പ്രസക്ത വിവരങ്ങൾ പൂർണമായി ചേർത്ത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-25 മഴക്കാല പൂർവ ശുചീകരണം:വിനിയോഗ വിവരം ലഭ്യമല്ല

2022-23 വർഷത്തിൽ വെട്ടം ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിലേക്ക് മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി വൗച്ചർ നമ്പർ 22201059 തിയതി 15.2.2023 പ്രകാരം തനതു ഫണ്ടിൽ നിന്നും 2,00,000 രൂപ മെഡിക്കൽ ഓഫീസർ പി എച്ച് സിക്ക് കൈമാറിയിട്ടുണ്ട്. മേൽ തുക ചെലവഴിച്ചതിന്റെ/വിനിയോഗിച്ചതിന്റെ വിവരം പരിശോധിക്കാൻ എല്ലാ വാർഡുകളിലെയും കാഷ് ബുക്ക്,പാസ് ബുക്ക്,അനുബന്ധ ചെലവു വിവരങ്ങൾ തുടങ്ങിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് ക്യാമ്പിന്റെ അവസാന ദിവസം വരെയും ലഭ്യമായില്ല. രേഖകൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കാൻ അധിക സമയം ആവശ്യമായി വരും എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമായ വിവരം. മേൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദമായ വിനിയോഗ വിവരങ്ങളും, ചെലവഴിക്കാത്ത/ഭാഗികമായി ചെലവഴിച്ചിട്ടുള്ള പക്ഷം വാർഡ് അടിസ്ഥാനത്തിലുള്ള ചെലവു സ്ഥിതി വിവരവും , തിരികെ അടവാക്കുകയോ, തുടർ വർഷങ്ങളിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പുരോഗതി/വിവരവും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 25/19.8.23 ന മറുപടി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 2 ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-26 ദുരിതാശ്വാസ നിധി:വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി സ്ഥാപനത്തിൽ രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും മേൽ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര സഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമൂഹത്തിലെ അർഹരായ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനായി ഉപകരിക്കുന്ന മേൽ ദുരിതാശ്വാസ നിധി വെട്ടം പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, ഇതുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നിലവിലെ നീക്കിയിരിപ്പ്, 2022-23 ലെ വരവു ചെലവു വിവരങ്ങൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 20/18.8.23 ന മറുപടി ലഭ്യമായിട്ടില്ല. ദുരിതാശ്വാസ നിധി പ്രവർത്തനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 റോഡരുകിൽ ഹാൻഡ് റെയിൽ സ്ഥാപിച്ചത്- അധിക നിരക്ക് അനുവദിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ കൊടുത്ത മരാമത്ത് പ്രൊജക്ടിൽ റോഡരുകിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് DSoR 10.26.3 കോഡ് പ്രകാരമുള്ള നിരക്ക്, @187.17/kg അനുവദിച്ചിട്ടുണ്ട്. 10.26.3 കോഡ് പ്രകാരമുള്ള പ്രവൃത്തി സ്റ്റീൽ ലാഡർ, ബാൽക്കണി മുതലായവക്ക് മേൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. റോഡരുകിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള GI പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ നിരക്കാണ്(@153.29/kg,)അനുവദനീയം. ഈ അപാകത മൂലം ഈ പ്രവൃത്തിക്ക് അധികച്ചെലവ് ഉണ്ടാകാൻ ഇടയായിട്ടുണ്ട്. വിശദ വിവരം താഴെ പറയുന്നു.

പ്രൊജക്ട് : ഇടിയാട്ടിൽ കായൽപ്പാടം കനാൽ റോഡിന് കൈവരി (146/23)

അടങ്കൽ : 50000 (തനത് ഫണ്ട്)

ടി.എസ്. നം : 53312/2022-23 DsoR 2018, COI 36.44% (Est.No.53312/2022)

കരാർ നമ്പർ : 16/AE/LSGD/VGP/22-23 Dt 17.1..2023

എംബുക്ക് നം: E M Book

കരാറുകാരൻ : ബാബുരാജ്

| പ്രവൃത്തി ചെയ്ത അളവ് (Kg) | നൽകിയത് @187.17/kg | നൽകാവുന്നത് @153.29/kg | 18% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| ഇനം.1 10.26.3 113.724 Kg | 113.724x187.17/kg = 21285.72 | 113.724x153.29/kg = 17432.75 | 4546.50 (3852.97+693.53) |

അപാകതക്ക് വിശദീകരണം നൽകുകയോ അല്ലെങ്കിൽ അധികം നൽകിയ തുക, 4546.50 രൂപ, തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 11/16.08.2023 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയായി സ്റ്റീൽ ലാഡർ, ബാൽക്കണി മുതലായവക്ക് സമാനമായ രീതിയിലാണ് ചെയ്തിട്ടുള്ളത് എന്നും അതിനാലാണ് മേൽ നിരക്ക് അനുവദിച്ചത് എന്നും അറിയിച്ചു. മരാമത്ത് പ്രവൃത്തികളിൽ ഓരോ ഇനത്തിനും അർഹമായ നിരക്ക് ഉൾപ്പെടുത്തി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് മാത്രം നടപ്പാക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-28 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ
4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ
5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24/19.8.23 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് - S0039/23 (234/2021-22) റൈസ് മിൽ-മണ്ണൂപ്പാടം പ്രവൃത്തിയിൽ (ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബിൽ - XVFC/3.12.22 – 125000,എം. ബുക്ക് - 33/21-22, കരാർ - 4/20.4.22 (Tender Above 10%), മൂല്യനിർണ്ണയം - 122698, കരാറുകാരൻ - ടി. ബാലൻ,Cost Index -31.06% (DSoR 2018),Esti. No.- 2021/89887,TS- 89887/21-22/28.10.21 -125000 ) ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 1 എർത്ത് വർക്ക് എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ആയതിനാൽ 11.4.1.1 എന്ന ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (ie 4%) കിഴിച്ചുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ഉണ്ടായ അധിക ചെലവ് 1519 രൂപ ഓഡിറ്റ് എൻക്വയറി 14/16.8.2023 നെ തുടർന്ന് രസീത് 1230101098/G101304/18.08.2023 പ്രകാരം തിരിച്ചടവാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 69/2023 - ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടികജാതി) | 5,30,000 | 5,30,000 | 0 |
| | 122/2023 - ലൈഫ് മിഷൻ ഭവനപദ്ധതി - ജനറൽ | 4,00,000 | 4,00,000 | 0 |
| | 137/2023 - ലൈഫ് മിഷൻ ഭവനപദ്ധതി - പട്ടികജാതി | 4,00,000 | 4,00,000 | |
| | 198/2023 - ഭിന്നശേഷി വിദ്യാർഥികൾ - സ്കോളർഷിപ്പ് തുക നൽകൽ | 3,00,000 | 3,00,000 | 0 |
| | 205/2023 - സ്ഥിരം കൃഷി-നെല്ല് | 2,15,625 | 2,15,625 | 0 |
| | ആകെ | 18,45,625 | 18,45,625 | 0 |
| ജില്ലാ പഞ്ചായത്ത് | 198/2023 - ഭിന്നശേഷി വിദ്യാർഥികൾ - സ്കോളർഷിപ്പ് | 3,00,000 | 3,00,000 | 0 |

| | | | | |
|---|---|---|---|---|
| | തുക നൽകൽ | | | |
| | ആകെ | 3,00,000 | 3,00,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ഏജൻസിയ്ക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ചെക്ക്/ബിൽ നമ്പർ | മുൻകൂർ നല്കിയ തുക (₹) | ചെല വഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 221/23 | 18/24.12.22 | 10,00,000 [സി.എഫ്.സി ബേസിക്] | 0 | പൂർത്തീകരിച്ചിട്ടില്ല | 10,00,000 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 161/23 | ₹16,58,847, 20/30.12.22<br>₹23,51,386, 20/23.1.23<br>₹11,17,566, 14/3.11.22 | 51,27,799 [വികസന ഫണ്ട് (ജനറൽ)] | 0 | പൂർത്തീകരിച്ചിട്ടില്ല | 51,27,799 |
| | ആകെ | | 61,27,799 | 0 | | 61,27,799 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | 11705797 | 0 | 1743716 | | 9962081 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 0 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 18,82,200 |
| ആകെ (₹) | 18,82,200 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 18,82,200 |

2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| തിരൂർ സബ് ട്രഷറി – Cyclone Shelter Management And Maintenance Fund | 18,82,200 | JL1424238/29-09-2022 |
| ആകെ | 18,82,200 | |

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി പിരിവിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 12,21,92,464 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 10,64,74,788 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 67,10,469 |

ബി). പഞ്ചായത്ത് ഫണ്ടിനു ണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 200000 | ശ്രീമതി ലിത.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-18 | 1,04,670 | ശ്രീമതി.ചിഞ്ചുമോൾ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | 62,05,799 | ശ്രീ. സുധീർ.എ, സെക്രട്ടറി |
| 1-25 | 2,00,000 | ശ്രീ. സുധീർ.എ, സെക്രട്ടറി |
| ആകെ | 67,10,469 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1970-71 | എൽ.എഫ്.എം.7/812/88, തിയ്യതി. 15.06.1988 | 33 |
| 2 | 1973-74 | എൽ.എഫ്.എം.7/813/88, തിയ്യതി. 15.06.1988 | 2 |
| 3 | 1976-77 | എൽ.എഫ്.എം.7/815/88, തിയ്യതി. 06.06.1988 | 5 |
| 4 | 1980-81 | എൽ.എഫ്.എം.7/819/88, തിയ്യതി. 17.06.1988 | 16 |
| 5 | 1997-98 | കെ.എസ്.എ.എം.പി.എം.17/2186/21(3), തിയ്യതി. 12.10.2022 | 1 |
| 6 | 1998-99 | കെ.എസ്.എ.എം.പി.എം.17/2186/21(4), തിയ്യതി. 12.10.2022 | 8 |
| 7 | 1999-00 | കെ.എസ്.എ.എം.പി.എം.17/2186/21(5), തിയ്യതി. 12.10.2022 | 13 |
| 8 | 2000-01 | കെ.എസ്.എ.എം.പി.എം.17/2186/21(6), തിയ്യതി. 12.10.2022 | 27 |
| 9 | 2001-02 | കെ.എസ്.എ.എം.പി.എം.17/2186/21(7), തിയ്യതി. 12.10.2022 | 5 |
| 10 | 2002-03 | കെ.എസ്.എ.എം.പി.എം.17/2186/21(8), തിയ്യതി. 12.10.2022 | 3 |
| 11 | 2003-04 | എൽ.എഫ്.എം.14/140/09, തിയ്യതി. 07.05.2009 | 11 |
| 12 | 2004-05 | കെ.എസ്.എ.എം.പി.എം.17/2186/21(9), തിയ്യതി. 12.10.2022 | 9 |
| 13 | 2005-06 | കെ.എസ്.എ.എം.പി.എം.17/2186/21(10), തിയ്യതി. 12.10.2022 | 6 |
| 14 | 2006-07 | കെ.എസ്.എ.എം.പി.എം.17/2186/21(11), തിയ്യതി. 12.10.2022 | 10 |
| 15 | 2007-08 | കെ.എസ്.എ.എം.പി.എം.17/2186/21(12), തിയ്യതി. 12.10.2022 | 4 |
| 16 | 2008-09 | എൽ.എഫ്.എം.17/1515/11, തിയ്യതി. 13-06-2012 | 15 |
| 17 | 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.17/2186/21(13), തിയ്യതി. 12.10.2022 | 5 |
| 18 | 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.17/142/21(1), തിയ്യതി. 12.10.2022 | 8 |
| 19 | 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.17/142/21(2), തിയ്യതി. 12.10.2022 | 6 |
| 20 | 2015-16 | കെ.എസ്.എ.എം.പി.എം.17/19/17, തിയ്യതി. 08.03.18 | 16 |
| 21 | 2016-17 | കെ.എസ്.എ.എം.പി.എം.17/2193/17, തിയ്യതി. 31.07.18 | 19 |
| 22 | 2017-18 | കെ.എസ്.എ.എം.പി.എം.17/770/19, തിയ്യതി. 28.05.2019 | 9 |
| 23 | 2018-19 | കെ.എസ്.എ.എം.പി.എം.17/420/2020, തിയ്യതി. 10.03.2020 | 9 |
| 24 | 2019-20 | കെ.എസ്.എ.എം.പി.എം.17/652/2022, തിയ്യതി. 24.09.2022 | 2 |
| 25 | 2020-21 | കെ.എസ്.എ.എം.പി.എം.17/653/2022. തിയ്യതി. 04.05.2023 | 5 |
| 26 | 2021-22 | കെ.എസ്.എ.എം.പി.എം.17/283/2023(1), തിയ്യതി. 05.07.2023 | 24 |

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.10/2023

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 06-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vettom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vettom Grama Panchayat for the year 2022-2023

Date: 06/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Vettom Grama Panchayat for the Year 2022-2023.

**1.Major Observations**

1. Discrepancies in carrying forward of the closing balance in the year in respect of assets are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs,) |
|---|---|---|---|
| 450210101 - SBI EPAYMENT-( 67381962909) | 48,42,852 | 48,42,857 | 5 |

2. Discrepancies in carrying forward of the closing balance in the year in respect of liabilities are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs,) |
|---|---|---|---|
| 350300112 - Government And Other Dues Payable | 0 | 5 | 5 |

| | | | |
|---|---|---|---|
| -Value of Court Fee Stamp | | | |

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. A few figures in annual financial statements are not recorded in whole numbers in accordance with accounting rules.
3. Lapses in making timely demand entries in respect of tax and non-tax revenue.
4. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5. The following registers are not maintained
   i. Appropriation control register for specific purpose grants kept in own fund account
6. The following register is not up to date and is not reliable for audit
   i. Asset register

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്